ആയൂർ ജവഹർ എച്ച്.എസ്.എസ്.-ന്റെയും അഞ്ചൽ ബി.എഡ്. സെന്ററിന്റെയും കെട്ടിട നിർമ്മാണം

296 (7267) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ.യുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2013-14 വർഷത്തിൽ പുനലൂർ നിയോജകമണ്ഡലത്തിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന ആയൂർ ജവഹർ എച്ച്. എസ്. എസ്. ന്റെയും അഞ്ചൽ ബി.എഡ്. സെന്ററിന്റെയും കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ആയൂർ ജവഹർ ഹയർസെക്കണ്ടറി സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി 111 ലക്ഷം രൂപയുടെയും അഞ്ചൽ ബി.എഡ്. സെന്ററിന്റെ ഒന്നാംനിലനിർമ്മാണത്തിനായി 30.03 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റ് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്.

ആയൂർ ജവഹർ ഹയർസെക്കണ്ടറി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി പൊതു വിദ്യാഭ്യാസ വകുപ്പിൽനിന്നും അഞ്ചൽ ബി.എഡ്. സെന്ററിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നുമാണ് പുറപ്പെടുവിക്കേണ്ടത്.

പാലക്കാട്-കുളപ്പുള്ളി റോഡിന്റെ നിർമ്മാണ മെയിന്റനൻസ് പ്രവൃത്തികൾ

297 (7268) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-കുളപ്പുള്ളി കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ മെയിന്റനൻസ് പ്രവൃത്തികൾ ആരെയാണ് ചുമതല ഏൽപ്പിച്ചിരിക്കുന്നത് ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത റോഡിനിരുവശവും നിർമ്മിച്ചിട്ടുള്ള അഴുക്കുചാലിന്റെ മെയിന്റനൻസ് നടത്താറുണ്ടോ ;

(സി) പാലക്കാട് കുളപ്പുള്ളി കെ.എസ്.ടി.പി. റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് സ്ഥാപിക്കും ; അതിനായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത് ;

(ഇ) തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി എത്ര രൂപ ചെലവഴിച്ചു ; വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കെ.എസ്.റ്റി.പി. ഒന്ന് പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ പാലക്കാട്-കുളപ്പുള്ളി റോഡിന്റെ അഴുക്കുചാലിന്റെ മെയിന്റനൻസ് ഉൾപ്പെടെയുള്ള മെയിന്റനൻസ് പ്രവൃത്തികൾ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. അറ്റകുറ്റപ്പണി ആവശ്യമാണെന്ന് കാണുന്നപക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി-ഇ) 19 ലക്ഷം രൂപ ചെലവഴിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ

298 (7269) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണ് ; അവയുടെ അടങ്കൽതുക എത്രയാണ് ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞു ; മറ്റുള്ളവ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ നിരത്തുകളും പാലങ്ങളും, ദേശീയ പാത, കെട്ടിടം എന്നീ വിഭാഗങ്ങളുടെകീഴിൽ അടങ്കൽ തുക, പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്നിവ സഹിതം യഥാക്രമം അനുബന്ധം I, II, III ആയി ചേർത്തിരിക്കുന്നു. ദേശീയപാത വിഭാഗത്തിൻകീഴിൽവരുന്ന പ്രവൃത്തികളിൽ കണ്ണാട്ടിൽ പാലത്തിന്റെ പ്രവൃത്തി ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.*

കരുനാഗപ്പള്ളി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

299 (7270) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന പ്രവൃത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2012-13, 2013-14 വർഷങ്ങളിൽ കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണ് ; ഇവയിൽ ഏതെല്ലാമാണ് പൂർത്തീകരിച്ചത് ; പൂർത്തീകരിക്കാത്തവ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ ?

* വെബ്സൈറ്റിൽ വച്ചിട്ടുണ്ട്.